**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3072** **04-08-2021 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ജനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് സൗജന്യ നിരക്കിൽ നൽകാൻ ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ജനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ്, സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടം 2021 ഫെബ്രുവരി 15 ന് പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 30000 ഓഫീസുകളുടെ സർവ്വേയും 35000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി. പോളുകളുടെ സർവ്വേയും 375 PoP (Point of Presence) കളുടെ പ്രീഫാബ് ലൊക്കേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നെറ്റ് വർക്ക് ഓപ്പറേഷൻസ് സെന്ററിന്റെ പണികൾ പൂർത്തീകരിച്ച് വരുന്നു. കെ.എസ്.ഇ.ബി. പോളുകൾ വഴി കേബിളുകൾ വലിക്കുന്ന നടപടികളും പുരോഗമിച്ച് വരുന്നു. ഇതിനോടകം സംസ്ഥാനത്താകമാനം 7389 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതി 2021 ഡിസംബർ അവസാനത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ